"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമായ 01. 04. 1970 നു മുൻപുള്ള ജനന–മരണ–വിവാഹ രജിസ്ട്രേഷൻ ഡാറ്റ ഡിജിറ്റൈസേഷൻ – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ ജി) വകുപ്പ്**

**G.O.(Ms)No.45/2026/LSGD** തീയതി,തിരുവനന്തപുരം,05-02-2026

---

പരാമർശം:- 1. സർക്കുലർ നം. 10021/IB1/2012/തസ്വഭവ തീയതി 04.05.2012

2. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 7.10.22 ലെ 2317/(o&m)/2022/IKM 04.05.2012 നമ്പർ കത്ത്

3. മുഖ്യ രെജിസ്ട്രാറുടെ( ജനന മരണ) 27/03/2023 ലെ LSGD/PD/13757/2023-CR2 നമ്പർ കത്ത്

4. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 19/03/2025-ഇലെ LSGD/PD/14261/2023-CR1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) സർക്കുലർ പ്രകാരം മുൻകാല സിവിൽ രെജിസ്ട്രേഷൻ മുൻകാല റെക്കോർഡുകളുടെ കംപ്യൂട്ടർവൽക്കരണത്തിന് പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. കംപ്യൂട്ടർവൽക്കരിക്കാനാവാശ്യമായ സോഫ്റ്റ്‌വെയർ തയ്യാറാക്കി നൽകിയിട്ടുണ്ടെന്നും ചീഫ് രെജിസ്ട്രാറും അതാത് രെജിസ്ട്രേഷൻ യൂണിറ്റുകളുമാണ് കമ്പ്യൂട്ടർവൽക്കരണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതെന്നും ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം അറിയിച്ചിരുന്നു. 01.04.1970 നു മുമ്പുള്ള ജനന, മരണ, വിവാഹ രജിസ്ട്രേഷൻ രേഖകൾ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽക്കരിക്കപ്പെടാത്തതിനാൽ, പ്രസ്തുത കാലയളവിലുള്ള സർട്ടിഫിക്കറ്റുകൾ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടെന്നും, പ്രസ്തുത രജിസ്ട്രേഷൻ രേഖകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ആവശ്യമായ സോഫ്റ്റ്‌വെയർ സൗകര്യങ്ങൾ

ഇൻഫർമേഷൻ കേരള മിഷൻ (IKM) ഇതിനകം തന്നെ വികസിപ്പിച്ച് നൽകിയിട്ടുണ്ടെങ്കിലും, ഫണ്ടിന്റെ അപര്യാപ്തതയും പഴയ രേഖകളുടെ നാശനഷ്ടങ്ങളും കാരണം ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെന്ന് കണ്ടെത്തിയിട്ടുള്ളതായും പരാമർശം (3) പ്രകാരം ജനന മരണ രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരുന്നു . ആയതിനാൽ, 01.04.1970 നു മുമ്പുള്ള ലഭ്യമായ എല്ലാ ജനന മരണ വിവാഹ രജിസ്ട്രേഷനുകളും ഡാറ്റാ എൻട്രി പൂർത്തീകരിച്ച് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാക്കുന്നതിന് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ തുക കണ്ടെത്തി കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം നാല് പ്രകാരം ശുപാർശ ചെയ്തു .

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ , ഓരോ തദ്ദേശ സ്ഥാപനത്തിലും ലഭ്യമായ മുഴുവൻ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ ഡാറ്റകളും ഡിജിറ്റൈസ് ചെയ്യുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു;

(i) പ്രസ്തുത കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ആവശ്യമായ തുക നിലവിലുള്ള നിയമാനുസൃത മാനദണ്ഡങ്ങൾ പ്രകാരം വിനിയോഗിക്കാവുന്നതാണ്.

(ii) ആവശ്യമെങ്കിൽ, ഓരോ രജിസ്ട്രേഷനും നിശ്ചിത നിരക്കിൽ പ്രതിഫലം നൽകി, ഡിജിറ്റൈസ് ചെയ്യുന്നതിന് ജീവനക്കാരെ നിയമാനുസൃത മാനദണ്ഡങ്ങൾ പ്രകാരം നിയമിക്കുന്നതിനും അനുവാദം നൽകുന്നു.

(iii) കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടർ സമയപരിധി നിശ്ചയിച്ച് നൽകേണ്ടതും ആവശ്യമായ സാങ്കേതികസഹായം IKM നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

TINKU BISWAL

PRINCIPAL SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

മുഖ്യ രജിസ്ട്രാർ (ജനന മരണം ), പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ,തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (E & RSA/G&SSA), കേരളം, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ(വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന് ))

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(EG1/32/2022/LSGD)

ഉത്തരവിൻ പ്രകാരം

Signed by

Manikkuttan R

Date: 06-02-2026 10:47:01

സെക്ഷൻ ഓഫീസർ

പകർപ്പുകൾ

തദ്ദേശ സ്വയം ഭരണ, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറിയുടെ സി എ യ്ക്ക്.

തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്